REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-07-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഇന്നലെ അന്തരിച്ച ഇതിഹാസ ഗായിക S ജാനകിയുടെ സംസ്കാരം ഉച്ചകഴിഞ്ഞ് മൈസൂരുവിൽ.**
- **കൊച്ചി കോർപറേഷന്റെ മൂന്നാമത് റോ-റോ വെസൽ മുഖ്യമന്ത്രി VD സതീശൻ ഫ്ലാഗ് ഓഫ് ചെയ്തു.**
- **വയനാട് കള്ളാടിയിലെ ദുരന്തത്തിൽ കാണാതായ ഹിമാചൽ സ്വദേശി ബിക്രം സിംഗ് റാണയുടെ മൃതദേഹം കണ്ടെത്തി.**
- **ക്ഷേത്രങ്ങളുടെയും ആചാരങ്ങളുടെയും കാര്യത്തിൽ കോടതികളുടെ ഇടപെടൽ അമിതമെന്ന് മന്ത്രി K.മുരളീധരൻ.**
- **ഹോർമൂസ് കടലിടുക്ക്, ഇറാൻ അനിശ്ചിതകാലത്തേക്ക് അടച്ചു.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ടും അർജ്ജന്റീനയും സെമിയിൽ.**

## വാർത്തകൾ വിശദമായി

ഇതിഹാസ ഗായിക എസ്. ജാനകിയുടെ വിയോഗത്തിൽ രാഷ്ട്രപതി ദൗപ്രദി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അനുശോചിച്ചു. ജാനകിയുടെ അസാധാരണ ഗാനങ്ങൾ തലമുറകളെ മോഹിപ്പിക്കുന്നതാണെന്ന് രാഷ്ട്രപതി അനുശോചന സന്ദേശത്തിൽ പറഞ്ഞു. ആറു പതിറ്റാണ്ടിലേറെ നീണ്ടുനിന്ന ജാനകിയുടെ പ്രശസ്തമായ സംഗീത സപര്യ ആയിരക്കണക്കിന് ആസ്വാദകരിൽ വിസ്മയം സൃഷ്ടിച്ചെന്ന് ദ്രൗപതി മുർമു പറഞ്ഞു. കുടുംബത്തിനും എണ്ണമറ്റ

ആരാധകർക്കും ഹൃദയംഗമമായ അനുശോചനം അറിയിക്കുന്നതായി രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

അതുല്യമായ ശബ്ദം കൊണ്ടും അസാധാരണ വൈദഗ്ധ്യം കൊണ്ടും അനുഗൃഹീതയായ എസ്. ജാനകി, ആയിരക്കണക്കിന് ഗാനങ്ങളിലൂടെ ശ്രോതാക്കളെ ആകർഷിച്ചുവെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ജാനകിയമ്മയുടെ വിയോഗം സംഗീത-സാംസ്കാരിക ലോകത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചന സന്ദേശത്തിൽ അറിയിച്ചു. വിവിധ ഭാഷകളിലെ അവരുടെ ഗാനങ്ങൾ തലമുറകളിലുടനീളം ജനപ്രിയമായിരുന്നുവെന്നും, സമാനതകളില്ലാത്ത ഭംഗിയോടും വൈവിധ്യത്തോടും കൂടി എല്ലാ വികാരങ്ങൾക്കും അവർ ശബ്ദം നൽകിയെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

എസ്. ജാനകിയുടെ വിയോഗത്തിൽ മുഖ്യമന്ത്രി വി.ഡി സതീശനും, പ്രതിപക്ഷ നേതാവ് പിണറായി വിജയനും, മന്ത്രിമാരും, സ്പീക്കറും, വിവിധ കക്ഷി നേതാക്കളും അനുശോചിച്ചു. മലയാളം മാതൃഭാഷയല്ലാതിരുന്നിട്ടും, ഉച്ചാരണശുദ്ധിയോടെയും ഭാവസാന്ദ്രതയോടെയും അവർ പാടിയ ഓരോ ഗാനവും മലയാളികളുടെ ഹൃദയത്തോട് ചേർന്നുകിടക്കുന്നവയാണെന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മറ്റൊരു നാട്ടിൽ നിന്നെത്തി മലയാളി മനസ്സ് കീഴടക്കിയ മഹാഗായിക എസ് ജാനകി വിടവാങ്ങുമ്പോൾ നീണ്ട ഒരു കാഘത്തിന് തിരശ്ശീല വീഴുക കൂടിയാണെന്ന് പ്രതിപക്ഷനേതാവ് അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

തലമുറകൾക്ക് നാദവിസ്മയം പകർന്ന ഗായിക, S ജാനകിയുടെ ഭൗതികദേഹം പൊതു ദർശനത്തിന് രാവിലെ മൈസുരു മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ എത്തിച്ചു. കലാ സാംസ്കാരിക മേഖലയിലെ നിരവധി പേരും സംഗീതാസ്വാദകരും അന്ത്യാഞ്ജലി അർപ്പിക്കുകയാണ് . ഉച്ചകഴിഞ്ഞ് കനിയനഹുണ്ഡി ഫാം ഹൗസിലാണ് സംസ്കാരം.

ഇന്നലെ വൈകിട്ട് മൈസൂരുവിലെ അപ്പോളോ ആശുപത്രിയിലായിരുന്നു 88 കാരിയായ ജാനകിയമ്മയുടെ അന്ത്യം. നാല് തവണ മികച്ച ഗായികക്ക് ദേശീയ പുരസ്കാരവും 11 തവണ സംസ്ഥാന പുരസ്കാരവുമടക്കം നിരവധി അംഗീകാരങ്ങൾ ലഭിച്ച ജാനകി അമ്മ ആസ്വാദക ഹൃദയങ്ങളെ തൊട്ടുണർത്തിയ ഈണങ്ങളുടെ മഹാറാണിയായിരുന്നു. മലയാളി അല്ലാതിരുന്നിട്ടും മലയാളിത്തത്തിന്റെ ഭംഗിയും സൗകുമാര്യവും ലയിച്ചു ചേർന്നവയായിരുന്നു ജാനകിയമ്മയുടെ ഗാനങ്ങൾ.

✪✪✪

കൊച്ചി കോർപറേഷന്റെ മൂന്നാമത് റോ - റോ വെസൽ മുഖ്യമന്ത്രി VD സതീശൻ ഫ്ലാഗ് ഓഫ് ചെയ്തു. റോ-റോയിൽ വനിതകൾക്ക് സൗജന്യ യാത്ര അനുവദിക്കുന്ന ഇന്ദിര യാത്ര പദ്ധതിയും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. KSRTC, റോ-റോ സൗജന്യ യാത്രയിലൂടെ സ്ത്രീകൾ ലാഭിക്കുന്ന തുക നിക്ഷേപിക്കുന്നതിന് KSFE യിൽ പ്രത്യേക 'പിങ്ക് ചിട്ടി' ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

വയനാട് കള്ളാടിയിലെ ദുരന്തഭൂമിയിൽ കാണാതായ ഹിമാചൽ സ്വദേശി ബിക്രം സിംഗ് റാണയുടെ മൃതദേഹം കണ്ടെത്തി. ഇതോടെ ദുരന്തത്തിൽ കാണാതായ എല്ലാവരുടെയും മൃതശരീരം കണ്ടെത്താൻ സാധിച്ചു. കൺസ്ട്രക്ഷൻ മാനേജറാണ് ബിക്രം സിംഗ് റാണ. ജനകീയ കൂട്ടായ്മയോടെയാണ് ഇന്ന് തെരച്ചിൽ നടത്തിയത്.

✪✪✪

ക്ഷേത്രങ്ങളുടെയും ആചാരങ്ങളുടെയും കാര്യത്തിൽ കോടതികളുടെ അമിതമായ ഇടപെടൽ വേണോ എന്ന് ചിന്തിക്കേണ്ട സമയമാണ് ഇതെന്ന് മന്ത്രി കെ.മുരളീധരൻ പറഞ്ഞു. വടക്കുന്നാഥൻ ക്ഷേത്രത്തിലെ പടിഞ്ഞാറെ ഗോപുരം 'ശ്രീമൂലസ്ഥാനത്തെ പുതിയ ആൽമരം നടീൽ' ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാ കാര്യങ്ങളിലും കോടതി ഇടപെട്ടാൽ ഭക്തജനങ്ങൾക്കും ഗവൺമെന്റിനും എന്ത് റോളാണ് വഹിക്കാൻ കഴിയുകയെന്നും മന്ത്രി തൃശൂരിൽ ചോദിച്ചു.

✪✪✪

ഹോർമൂസ് കടലിടുക്ക്, ഇറാൻ അനിശ്ചിതകാലത്തേക്ക് അടച്ചു. അനധികൃത പാതയിലൂടെ സഞ്ചരിക്കാൻ ശ്രമിച്ച കപ്പലുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തെത്തുടർന്നാണ് കടൽപ്പാത അടച്ചതെന്ന് ഇറാന്റെ ഇസ്ലാമിക് റവല്യൂഷനറി ഗാർഡ് കോർപ്സ് നേവി അറിയിച്ചു. മേഖലയിലെ, യു.എസ് ഇടപെടൽ അവസാനിക്കുന്നതുവരെ ഹോർമുസിലൂടെ ഒരു കപ്പലിനെയും കടത്തിവിടില്ലെന്നും സേന പറഞ്ഞു. സംഘർഷങ്ങൾക്കിടയിലും, ഇറാനുമായി ചർച്ചകൾ തുടരുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു.

✪✪✪

വിയറ്റ്നാമിൽ ബോട്ടുമറിഞ്ഞു മലയാളികൾ അടക്കം 15 ഇന്ത്യൻ സഞ്ചാരികൾ മരണമടഞ്ഞ സംഭവത്തിൽ വിയറ്റ്നാം പ്രധാനമന്ത്രി ലെ മിൻ ഹൂങ് അന്വേഷണം പ്രഖ്യാപിച്ചു. അപകടത്തിന്റെ കാരണം കണ്ടെത്താനും,

കുറ്റക്കാർക്ക് എതിരെ ശക്തമായ നിയമ നടപടികൾ കൈക്കൊള്ളാനും അദ്ദേഹം ഉത്തരവിട്ടു. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായി വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെ എന്നും അദ്ദേഹം ആശംസിച്ചു.

✪✪✪

വിയറ്റ്നാമിൽ  ബോട്ട് അപകടത്തിൽ രണ്ട് മലയാളികൾ മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ മുഖ്യമന്ത്രി VD സതീശൻ നോർക്ക CEO യെ ചുമതലപ്പെടുത്തി.

വിദേശകാര്യ മന്ത്രാലയവുമായും മുഖ്യമന്ത്രിയുടെ ഓഫീസ് ആശയ വിനിമയം നടത്തുന്നുണ്ട്. ഏകോപനത്തിന് കേരള ഹൗസ് റസിഡന്റ് കമ്മിഷണറെയും ചുമതലപ്പെടുത്തി.

✪✪✪

വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികളായ AC തോമസ്, ഭാര്യ ലോവേനി തോമസ്  എന്നിവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻ നടപടി പുരോഗമിക്കുകയാണെന്ന് മന്ത്രി ബിന്ദു കൃഷ്ണ പറഞ്ഞു. ഇവരുടെ വീട്ടിലെത്തി മന്ത്രി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

✪✪✪

വെനിസ്വലേയിലെ ഇരട്ട ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 4,300ത്തിലധികമായി. 16,740ലധികം പേർക്കാണ് പരിക്കേറ്റതെന്ന് ദേശീയ അസംബ്ലി പ്രസിഡന്റ് ജോർജ്ജ് റോഡ്രിഗസ് പറഞ്ഞു.

✪✪✪

മഹാരാഷ്ട്ര പൂനെയിലെ മോഷി മാലിന്യ ഡിപ്പോ അപകടത്തിൽ മരിച്ചവരുടെ എണ്ണം ഒൻപത് ആയി ഉയർന്നു. നാലാം ദിവസത്തെ രക്ഷാപ്രവർത്തനത്തിനിടെ ഏഴു പേരുടെ മൃതദേഹങ്ങൾ കൂടിയാണ് കണ്ടെടുത്തത്.

✪✪✪

യമനിലേക്ക് പോകുന്ന ഇന്ത്യൻ പൗരന്മാർക്ക് ഏർപ്പെടുത്തിയ യാത്രാ നിബന്ധനകൾ ഏർപ്പെടുത്തി പുറപ്പെടുവിച്ച 2017ലെ വിജ്ഞാപനം വിദേശ കാര്യമന്ത്രാലയം പിൻവലിച്ചു. യമനിലെ ആഭ്യന്തര യുദ്ധവും സായുധ സംഘർഷങ്ങളും വഷളായതിനെ തുടർന്നായിരുന്നു  യാത്രാ നിയന്ത്രണം ഏർപ്പെടുത്തിയത്.

✪✪✪

നിയമസഭ ഉപ നേതൃസ്ഥാന വിഷയത്തിൽ കീഴ് വഴക്കം പറഞ്ഞ് ആർക്കും ഒഴിയാനാകില്ലെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. എല്ലാ സ്ഥാനവും ഒരു പാർട്ടിക്കെന്ന രീതി മാറണമെന്നും കീഴ് വഴക്കങ്ങൾ മാറ്റേണ്ടതാണെങ്കിൽ അത് മാറണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് അഭിപ്രായപ്പെട്ടു.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ അർജന്റീന സെമിയിൽ. എക്സ്ട്രാ ടൈമിൽ സ്വിറ്റ്സർലാൻഡിനെ ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചാണ് അർജന്റീനയുടെ സെമിപ്രവേശം.

കൂടുതൽ വിവരങ്ങളുമായി -സുരേഷ് എടപ്പാൾ-

........വോയ്സ്.........

പുലർച്ചെ മറ്റൊരു മത്സരത്തിൽ നോർവെയെ ഒന്നിനെതിരെ രണ്ട് ഗോളിന് തോൽപ്പിച്ച് ഇംഗ്ലണ്ടും സെമി ബർത്ത് ഉറപ്പാക്കി.

✪✪✪

വിംബിൾഡൻ ടെന്നിസ് പുരുഷ വിഭാഗം സിംഗിൾസ് വനിതാ വിഭാഗം ഡബിൾസ് ഫൈനൽ മത്സരങ്ങൾ ഇന്ന്. ലോക ഒന്നാം നമ്പർ താരമായ യാനിക്സിന്നർ കിരീടം നിലനിർത്താൻ അലക്സാണ്ടർ സ്വരേയുമായാണ് ഇന്ത്യൻ സമയം രാത്രി എട്ടരയ്ക്ക് ഫൈനലിൽ ലണ്ടനിൽ ഏറ്റുമുട്ടുക.

വനിതകളുടെ ഡബിൾസ് ഫൈനൽ, ഇന്ത്യൻ സമയം വൈകിട്ട് അഞ്ചരയ്ക്കാണ്. ചൈനയുടെ ഗുവോ ഹാനി, ഫ്രാൻസിന്റെ ഗബ്രിയേല ഡബ്രോസ്കിയുമായാണ് ഫൈനലിൽ മത്സരിക്കുന്നത്.

✪✪✪

23 കോടിയോളം രൂപ ചെലവിൽ മലപ്പുറം നഗരസഭ നിർമ്മിച്ച കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി തടയണ മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി നാടിന് സമർപ്പിച്ചു. തടയണകൾ നാടിന്റെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുമെന്നും നിലവിലെ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കാനാവശ്യമായ പദ്ധതി കൊണ്ടുവരുമെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

നാടകരചയിതാവും സംവിധായകനുമായ തേവലക്കര ബേബിക്കുട്ടൻ അന്തരിച്ചു. 'തൂലിക' എന്ന തന്റെ നാടകസമിതിയിലൂടെ ചെമ്മീൻ, അനുഭവങ്ങൾ പാളിച്ചകൾ, ഏണിപ്പടികൾ എന്നീ നോവലുകൾ ഉൾപ്പടെ അനവധി നാടകങ്ങൾ ബേബിക്കുട്ടൻ അരങ്ങിലെത്തിച്ചു.

✪✪✪

കൊല്ലം പുത്തൂരിൽ ജോലിക്കിടെ ഷോക്കേറ്റ് ലൈൻമാൻ മരിച്ചു. പുത്തൂർ KSEB ഓഫീസിലെ ലൈൻമാൻ പന്മന സ്വദേശി അൽത്താഫാണ് മരിച്ചത്. പോസ്റ്റിൽ കയറി തകരാർ പരിഹരിച്ചശേഷം തിരിച്ചിറങ്ങവേയായിരുന്നു ഷോക്കേറ്റത്.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: അബ്ദുൽ കബീർ*
*News Team: എവി ഫർദിസ്, രജിന കെ*
*DEO: സി കെ സുബോധ്*